
Volume 06
Issue 52
15 May, 2016
Sleehakalam I

Ex. 19:1-9
Act 2:1-13
1 Cor 12:1-11
Jn 16:5-15




# പരിശുദ്ധാത്മാവിനെ അനുഭവിച്ചറിയുക

Rev Bro
Joseph
Kolancheril

ഇസ്രയേൽ ജനം ഈജിപ്തിൽ നിന്നും യാത്രതിരിച്ചതിന്റെ 50-ാം ദിവസം സീനായ് മലയിൽവെച്ച് ദൈവം പത്ത് കൽപനകൾ നൽകിയതിന്റെയും യേശു ക്രിസ്തു മരിച്ചവരിൽ നിന്നു ഉയിർത്തതിന്റെയും അൻപതാം നാൾ പരിശുദ്ധാരൂപി ഔദ്യോഗികമായി എഴുന്നള്ളി വന്നതിന്റെയും വാർഷികാഘോഷമാണ് ഇന്ന്. ആദ്യമെ തന്നെ എല്ലാവർക്കും പെന്തക്കുസ്താ തിരുന്നാളിന്റെ മംഗളങ്ങൾ ഒത്തിരിസ്നേഹത്തോടെ നേരുന്നു. ആണ്ടുവട്ടത്തിലെ മറ്റെതു ദിവസത്തേക്കാളും പരിശുദ്ധാത്മാവിന്റെ ദാന വരങ്ങളെക്കുറിച്ച് നാം ചിന്തിക്കുന്ന സംസാരിക്കുന്ന പഠിപ്പിക്കുന്ന ദിനം. പെന്തക്കുസ്താതിരുന്നാളോടെയാണ് ശ്ലീഹാക്കാലം ആരംഭിക്കുന്നത്. പരിശുദ്ധാത്മാവിന്റെ ആഗമനവും അവിടുത്തെ പ്രവർത്തനങ്ങളെക്കുറിച്ചും ശ്ലീഹന്മാരും സഭയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും ആദിമസഭയുടെ ചൈതന്യത്തെക്കുറിച്ചും സഭയുടെ പ്രേക്ഷിത സ്വാഭാവത്തെക്കുറിച്ചും ചിന്തിക്കുകയും ധ്യാനിക്കുകയും ചെയ്യുന്ന കാലഘട്ടമാണ് ശ്ലീഹാക്കാലം. പരിശുദ്ധാത്മാവിനാൽ നിറഞ്ഞ ശിഷ്യന്മാർ സുവിശേഷം അറിയിക്കുവാനായി വിവിധ രാജ്യങ്ങളിലേയ്ക്ക് ഇറങ്ങിത്തിരിക്കുകയാണ്. ശ്ലീഹാ എന്ന വാക്കിന്റെ അർത്ഥം തന്നെ അയക്കപ്പെട്ടവൻ എന്നാണല്ലോ. മാമ്മോദീസായും, തൈലാഭിഷേകവും സ്വീകരിച്ച നാമെല്ലാവരും ശ്ലീഹന്മാരെപ്പോലെ അയയ്ക്കപ്പെട്ടവരാണ്. സഭയുടെ പ്രേക്ഷിതദൗത്യത്തിൽ പങ്കുചേർന്ന് നമ്മളും ഈശോയ്ക്കു സാക്ഷികളാകണം എന്ന് ശ്ലീഹാക്കാലം നമ്മെ അനുസ്മരിപ്പിക്കുകയാണ്.

ഇന്നത്തെ ലേഖനഭാഗത്ത് (1കൊറി 12 1-11) പരിശുദ്ധാത്മാവിന്റെ ദാനങ്ങളെക്കുറിച്ചും സുവിശേഷഭാഗത്ത് (യോഹ 16: 5-15) പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും നാം വിചിന്തനം ചെയ്യുന്നു. യേശുവിന്റെ വിടവാങ്ങൽ സന്ദേശവുമായി നമുക്ക് യോഹന്നാന്റെ സുവിശേഷം 16 ാം അദ്ധ്യായത്തെ കാണാൻ സാധിക്കും. വിടവാങ്ങലിനു മുൻപ് സഹായകനായി പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്യുകയാണ്. ഈശോയുടെ വചനങ്ങൾക്കു സാക്ഷ്യം വഹിക്കുവാനും അതുപോലെതന്നെ സാക്ഷ്യകർമ്മം പരിശുദ്ധിയോടെ നിർവ്വഹിക്കുവാനും ശിഷ്യരെ ശക്തിപ്പെടുത്തുവാനുമാണ് പരിശുദ്ധാത്മാവ് ഇറങ്ങിവന്നത്.

യോഹന്നാൻ16:5-15ൽ പരിശുദ്ധാത്മാവിന്റെ മൂന്നു പ്രവർത്തനങ്ങളെയാണ് വിവരിക്കുന്നത്. ഒന്ന് പാപബോധം നൽകുന്നു. രണ്ട് ലോകത്തിന്റെ അനീതിയെ വിധിക്കുന്നു. മൂന്ന് ലോകത്തിന്റെ അധികാരിയായ സാത്താനെ ബഹിഷ്ക്കരിക്കുന്നു. പാപം എന്നത് ദൈവത്തെ അവിശ്വസിക്കുന്നതാണ്. ഇഷ്ടമില്ലാത്തവരെ കൊന്നൊടുക്കുന്നതിലും ജനിക്കാനിരിക്കുന്ന കുഞ്ഞുങ്ങളെ ഭ്രൂണഹത്യയിലൂടെ കൊല്ലുന്നതിനും ഇവർ തെറ്റായി ഒന്നും കാണുന്നില്ല. മദ്യപാനവും മയക്കുമരുന്നും ഇവിടെ ജന്മാവകാശങ്ങളായി മാറുകയാണ്. ഇന്ന് ലോകത്ത് നാം കാണുന്ന പാപബോധമില്ലായ്മയ്ക്കു കാരണം പരിശുദ്ധാത്മാവ് എന്റെ ഉള്ളിൽ ഉണ്ട് എന്ന ചിന്ത ഇല്ലാത്തതുകൊണ്ടാണ്. എന്റെ ഏകാന്ത നിമിഷങ്ങളിൽ ക്രിസ്തു എന്റെ കൂടെയുണ്ട് എന്നും സ്നേഹത്തോടും അലിവോടും കൂടിയും അവിടുന്ന് എന്നെ സമാ ധാനിപ്പിക്കും എന്നുമുള്ള മനോഭാവത്തിൽ ജീവിക്കാൻ എനിക്കു സാധിക്കണം. ഉള്ളിന്റെ ഉള്ളിൽ ദൈവം കത്തിച്ചുവെച്ച കെടാവിളക്കാണു പരിശുദ്ധാത്മാവ്. ആ വിളക്കിന്റെ വെളിച്ചത്തിൽ ജീവിതത്തെയും ലോകത്തെയും വിലയിരുത്തുമ്പോഴുള്ള ആത്മബോധത്തിലാണ് പാപബോധം ജനിക്കുന്നത്. പാപബോധം ഇല്ലാത്ത ലോകത്തിന്റെ അധികാരി സാത്താനാണ്. എന്നാൽ പ രിശുദ്ധാത്മാവു വരുമ്പോൾ ആദ്യം വിധിക്കുന്നത് ലോകത്തിന്റെ അധികാരിയായ സാത്താനെയായിരിക്കും. സാത്താന്റെ ഭരണത്തിൽനിന്നും രക്ഷ പ്രാപിക്കുവാനുള്ള മാർഗ്ഗം തിരുസഭയിൽ പരിശുദ്ധാത്മാവിനോടൊപ്പമായിരിക്കുക എന്നതാണ്. യഹൂദരെ ഭയന്ന് കതകടച്ചിരുന്ന ശിഷ്യർ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ജനക്കൂട്ടത്തിനു മുമ്പിൽ ക്രിസ്തുവിനു സാക്ഷ്യം വഹിക്കുകയാണ് ചെയ്യുന്നത്. സാക്ഷ്യം വഹിക്കുക എന്നത് മതപ്ര ചരണം മാത്രമല്ല. മറിച്ച് അപകടകരമായ വലിയ കുഴിയിലേയ്ക്കു നടന്നു നീങ്ങുന്ന അന്ധനെ കൈപിടിച്ച് നേർവഴിയിലേയ്ക്ക് എത്തിക്കുന്ന പ്രക്രിയ കൂടിയാവണം സാക്ഷ്യം വഹിക്കൽ.

പരിശുദ്ധത്മാവിനെ സഹായകനായിട്ടാണ് ഈശോ പരിചയപ്പെടുത്തുന്നത്. രോഗിക്കു സഹായി ഡോക്ടറും നേഴ്സുമാണ്. കുഞ്ഞിനു സഹായി അമ്മയാണ്. വിദ്ധ്യാർത്ഥിക്കു സഹായി അദ്ധ്യാപകനാണ്. ആദത്തിനു സഹായിയായി ഹവ്വായെ കൊടുത്ത ദൈവം മനുഷ്യകുലത്തിനു നൽകുന്ന പുതിയ സഹായി ഹവ്വയെപ്പോലെ വഴിതെറ്റിക്കുന്നവളല്ല മറിച്ച് നേർവഴിക്കു നടത്തുന്നവനാണ്. സഹായകനായ പരിശുദ്ധാത്മാവ് എന്നതിലൂടെ പ രിശുദ്ധാത്മാവ് വഴികാട്ടിയും ഗുരുനാഥനും വൈദ്യനും അമ്മയും ഭാരം വഹിക്കുന്നവനുമൊക്കെയാണെന്ന് സത്യമാണ് സുവിശേഷകൻ പറഞ്ഞുതരുന്നത്. സഹായകനായ പരിശുദ്ധാത്മാവിനോട് ചേർന്നു നിൽക്കുന്നവർ സകല പ്രതിസന്ധികളിലും വിജയം പ്രാപിക്കും. അപ്പസ്തോലന്മാരുടെ കൂട്ടായ്മയോടു ചേർന്ന് പ്രാർത്ഥിക്കുന്നവർക്കും സഭയോട് ചേർന്ന് ജീവിക്കുന്നവർക്കുമാണ് ദൈവത്തിന്റെ അഭിഷേകം ഉണ്ടാകുന്നത്. പ ന്തക്കുസ്താതിരുന്നാൾ, പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങലെക്കുറിച്ചു മനസ്സിലാക്കി ജീവിക്കുവാൻ ഇന്നത്തെ സുവിശേഷം നമ്മെ ഓർമ്മപ്പെടുത്തുന്നു. പാപത്തെക്കുറിച്ചു ഭയവും നീതിയെക്കുറിച്ച് അവബോധവും ന്യായവിധിയെക്കുറിച്ച് ഓർമ്മയുമുള്ളവരായി ജീവിക്കുവാൻ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുമെന്നാണ് കർത്താവ് സുവിശേഷത്തിൽ പ റയുന്നത്. ഈ ഭൂമിയിലൂടെ അങ്ങുംമിങ്ങും നടത്തുന്ന വിനോദയാത്രയല്ല മനുഷ്യജീവിതം, മറിച്ച് സ്വർഗ്ഗത്തിലേയ്ക്കുള്ള തീർത്ഥയാത്രയാണ്. പരാജയവും ഭീരുത്വവും നിറഞ്ഞ ഒരു

കാലത്തിന് അന്ത്യം കുറിക്കുവാൻ ആഗ്രഹിക്കുന്നവർ ഈ ആത്മാവിനാൽ നിറയണം. ഭയവും നിരാശയും മൂലം കതകടച്ച് വീട്ടിനകത്തിരിക്കുന്നവർക്കും ഒരു മനുഷ്യനും തന്റെ മുഖം കാണരുതെന്ന് ആഗ്രഹിക്കുന്ന വ്യക്തികൾക്കും ഒരു പരിവർത്തനത്തിനുവേണ്ട ധീരതയ്ക്ക് ആശ്രയമായി, യഥാർത്ഥ സഹായകനായി കൂടെ സ്വീകരിക്കേണ്ടത് പരിശുദ്ധാത്മാവിനെയാണ്. പരിശുദ്ധാത്മാവ് നിറയുമ്പോഴാണ് ജീവിതം സന്തോഷകരവും സമാധാന പൂർവ്വകവുമായി മാറുക. പ്രത്യാശ നഷ്ടപ്പെട്ട ഈ ലോകത്ത് പ്രത്യാശയുടെ പ്രകാശം പരത്തുന്നവരാകണം നാം.

നമ്മുടെ കുടംബങ്ങളിലും സമൂഹത്തിലും തിന്മ നിറയുന്നതിനും സമാധാനം നഷ്ടപ്പെടുന്നതിനും കാരണം പരിശുദ്ധാത്മാവിനെ അനുഭവിച്ചറിയാൻ കഴിയാത്തതുകൊണ്ടാണ്. ആത്മാവിന്റെ ജ്വലനം ഉണ്ടായെങ്കിലേ ദൈവവിശ്വാസത്തിൽ ആഴപ്പെടാൻ പറ്റു. ക്രിസ്തുശിഷ്യരെ ഈശോയുടെ ശാരീരിക അസാന്നൃത്തിൽ സഹായിക്കുന്ന സത്യാത്മാവാണ് പരിശുദ്ധാത്മാവ്. നമ്മുടെ ജീവിത്തിൽ നമ്മെ സഹായിക്കുകയും നയിക്കുകയും ചെയ്യുന്ന യേശുവിന്റെ അരൂപി തന്നെയാണ് പരിശുദ്ധാത്മാവ്. അദൃശ്യമായ ദൈവാരൂപിയിൽ നയിക്കപ്പെടുകയും നിയന്ത്രിക്കപ്പെടുകയും ചെയ്യുമ്പോഴാണ് നാം യഥാർത്ഥ ക്രിസ്തു ശിഷ്യരായി മാറുന്നത്. എന്റെ ഉള്ളിൽ വസിക്കുന്ന ക്രിസ്തു സാന്നിത്യം തന്നെയാണ് എന്നിലെ ദൈവാത്മാവ്. അതിനാൽ നമ്മുടെയുള്ളിലെ ദൈവസാന്നിത്യത്തെ അനുസരിക്കുവാനും അവന്റെ നിയന്ത്രണങ്ങൾക്ക് കാതോർക്കുവാനും നമുക്ക് സാധിക്കട്ടെ.